**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3414** **01-03-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതിക്കുള്ള സംസ്ഥാന വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി സംസ്ഥാന സർക്കാർ നാളിതുവരെ എത്ര തുക കൈമാറി നൽകിയിട്ടുണ്ട്; ഓരോ ഇനത്തിലും കൈമാറിയ തുകയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | ഫണ്ടഡ് വർക്ക് ഇനത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി 292.61 കോടി രൂപ കരാർ കമ്പനിക്ക് (കൺസഷണയർ) നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കുള്ള സംസ്ഥാന വിഹിതം നൽകുന്നതിനായി സർക്കാർ കടമെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയിൽ നിന്നാണ് കടം എടുക്കുന്നത്; എത്ര രൂപയാണ് ഇപ്രകാരം കടമെടുക്കുന്നത്; പ്രസ്തുത വായ്പയുടെ തിരിച്ചടവ് മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയിൽ കൺസഷണയർക്ക് നൽകുവാനുള്ള സംസ്ഥാന വിഹിതമുൾപ്പെടെയുള്ളവയ്ക്കായി HUDCO യിൽ നിന്നും 1987.60 കോടി രൂപ കടമെടുക്കുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വായ്പയുടെ അംഗീകാരം ലഭ്യമായാൽ മാത്രമേ തിരിച്ചടവ് മാനദണ്ഡങ്ങളിൽ വ്യക്തത വരികയുള്ളൂ. |
| (സി) | വിഴിഞ്ഞം പദ്ധതിയുടെ കരാർ പ്രകാരം പദ്ധതി പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു; പ്രസ്തുത സമയത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ തുറമുഖ നിർമാണ കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് കരാറിൽ വ്യവസ്ഥ ഉണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥ പ്രകാരം നഷ്ടപരിഹാരം ഈടാക്കുന്നതിന് സംസ്ഥാനസർക്കാർ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സർക്കാർ-സ്വകാര്യ പങ്കാളിത്തതോടെ (PPP) നടപ്പാക്കുന്നതിനായി 2015 ആഗസ്റ്റ് 17 ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി സർക്കാർ കൺസഷൻ കരാറിലേർപ്പെട്ടു. 2015 ഡിസംബർ 5 ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ടം കരാർ പ്രകാരം പൂർത്തികരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3 ന് ആയിരുന്നു.<br><br>കരാർ വ്യവസ്ഥയനുസരിച്ച് 2019 ഡിസംബർ 3-ന് പദ്ധതി പൂർത്തിയാക്കാത്തതിനാൽ, കരാർലംഘനം (Default) സംബന്ധിച്ച് 2019 ഡിസംബർ 4-ന് കരാർ കമ്പനിക്ക് നോട്ടീസ് നൽകുകയും, തുടർന്നുള്ള Cure Period - ആയ 270 ദിവസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ, 2020 മാർച്ച് 3 മുതൽ തുറമുഖം പ്രവർത്തന സജ്ജമാകുന്ന തീയതിവരെ (Commercial Operation Date) കാലതാമസം നേരിടുന്ന ഓരോ ദിവസത്തിനും നിർമ്മാണം പൂർത്തീകരിക്കേണ്ടിയിരുന്ന ദിവസത്തിന്റെ 91-ാം |

| | | | |
|---|---|---|---|
| | | | ദിവസം മുതൽ പെർഫോമൻസ് സെക്യൂരിറ്റി തുകയുടെ 0.1 % (പന്ത്രണ്ട് ലക്ഷം രൂപ) നഷ്ടപരിഹാരം ഈടാക്കുമെന്ന് വ്യക്തമാക്കിക്കൊണ്ട് 2020 മാർച്ച് 2-ന്, കരാർ കമ്പനിയെ കത്ത് മുഖേന അറിയിച്ചിരുന്നു.<br><br>എന്നാൽ, Cure Period സമയത്ത് കരാർ കമ്പനി ആർബിട്രേഷൻ നടപടികളുമായി മുന്നോട്ടു പോകുകയാണുണ്ടായത്. ആർബിട്രേഷൻ നടപടികൾ തുടർന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ